പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4583 29.06.2012 ൽ മറുപടിക്ക്

**പി.ആർ.ഡി. വഴിയും ഓരോ വകുപ്പും മുഖാന്തിരവും പരസ്യങ്ങൾക്കായി ചെലവഴിച്ച തുക**

**ചോദ്യം**

ശ്രീ. കെ. കെ. നാരായണൻ

**മറുപടി**

ശ്രീ. കെ. സി. ജോസഫ്
(ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന് ഇന്നേവരെ പരസ്യങ്ങൾക്കായി നൽകിയ തുക എത്രയെന്നും ഇനി കൊടുത്ത് തീർക്കാനുള്ള തുക എത്രയെന്നും വ്യക്തമാക്കുമോ. | എ) | ഈ സർക്കാർ അധികാരത്തിൽ വന്ന് ഇന്നേവരെ പരസ്യങ്ങൾക്കായി 36,21,53,797/- (മുപ്പത്തിയാറു കോടി ഇരുപത്തിയൊന്ന് ലക്ഷത്തി അൻപത്തിമൂവ്വായിരത്തി എഴുന്നൂറ്റിതൊണ്ണൂറ്റി ഏഴ്) രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 23,42,31,978/- രൂപ (ഇരുപത്തിമൂന്ന് കോടി നാൽപ്പത്തിരണ്ട് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി തൊള്ളായിരത്തി എഴുപത്തിയെട്ട്) രൂപ മുൻവർഷങ്ങളിൽ കുടിശ്ശികയിനത്തിൽ നൽകാനുള്ളതായിരുന്നു. ബാക്കി തുകയായ 12,79,21,819/- രൂപ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരസ്യങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളതാണ്. മുൻ ഗവൺമെന്റിന്റെ കാലഘട്ടത്തിലേതുൾപ്പെടെ ഡിസ്പ്ലേ പരസ്യം നൽകിയ ഇനത്തിൽ 17 കോടിയും ടെണ്ടർ/നോൺ ടെണ്ടർ ഇനത്തിൽ 5 കോടിയും രൂപ കുടിശ്ശികയായി നൽകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ